113/DGE/HSE/NSS/2022


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 15.11.2022

**വിഷയം :** 'ചായം - 2022' കലാ സാമൂഹ്യ നന്മയ്ക്കുവേണ്ടി. ഹയർസെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാർ - പ്രോഗ്രാം ഓഫീസർമാർ- എന്നിവരുടെ സർഗ്ഗശേഷി സാമൂഹ്യ നന്മയ്ക്കായി വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

**സൂചന :** (1) 2022-23 ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം ഉപദേശകസമിതി തീരുമാനം.
(2) 97/DGE/HSE/NSS/2022 തീയതി - 22/09/2022

സൂചന 1, 2 പ്രകാരം ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം 2022-23 കർമ്മപദ്ധതിയിൽ ഹയർസെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ സർഗ്ഗശേഷി സാമൂഹ്യ നന്മയ്ക്കുതകുംവിധം ഉപയോഗിക്കാൻ ലക്ഷ്യമിട്ട്, 'കല സാമൂഹ്യ നന്മയ്ക്ക്' എന്ന ടാഗ് ലൈനോടുകൂടി ഉൾപ്പെടുത്തിയിട്ടുള്ള 'ചായം-2022' പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

(1) വോളന്റിയർമാരും പ്രോഗ്രാം ഓഫീസർമാരും തയ്യാറാക്കിയ ചിത്രങ്ങൾ, ശില്പങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങിയ ക്ലസ്റ്റർ തലത്തിൽ ശേഖരിക്കുകയും അവയിൽ പ്രദർശന യോഗ്യമായവ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യണം.

(2) ജില്ലാ തല പ്രദർശനത്തിനായി ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ പൊതുവിദ്യാഭ്യാസവകുപ്പ് ജില്ലാ റീജിയണൽ തലവന്മാർ തുടങ്ങിയവരെ ഉൾപ്പെടുത്തി സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്.

(3) പ്രസ്തുത സമിതിയുടെ നിയന്ത്രണത്തിൽ നിശ്ചിത ദിവസങ്ങളിൽ പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്.

(4) ജില്ലായുവജനോത്സവത്തോടനുബന്ധിച്ച് ടി പ്രദർശന പവലിയനുകൾ സജ്ജീകരിക്കുന്നത് അഭികാമ്യമായിരിക്കും.

(5) ഡിസംബർ 10 നു മുമ്പ് 'ചായം -2022' പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്.

(6) 'ചായം - 2002' ൽ പ്രദർശിപ്പിക്കുന്ന സർഗ്ഗസൃഷ്ടികളുടെ വിനിമയമൂല്യം സംഘാടകസമിതിയുടെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്.

(7) 'ചായം - 2002' പ്രദർശനത്തിന്റെ വരവ് ചിലവു കണക്കുകൾ സംഘാടകസമിതിയുടെ സമ്പൂർണ്ണവും സുതാര്യവുമായ ഓഡിറ്റംഗിന് വിധേയമാക്കി അതാതു ജില്ലാ കൺവീനർമാർ സൂക്ഷിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസവകുപ്പ്
(ഹയർസെക്കന്ററി വിഭാഗം)